പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## കെവിൻ കൊലക്കേസ്

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ.1956

13.06.2019-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.അൻവർ സാദത്ത് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കെവിൻ കൊലക്കേസിൽ പിരിച്ചുവിടാൻ നോട്ടീസ് നൽകിയ കോട്ടയം ഗാന്ധി നഗർ മുൻ എസ്.ഐ എം.എസ്.ഷിബു വിനെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | എ) തീരുമാനിച്ചിരുന്നു. സബ് ഇൻസ്പെക്ടർ എം.എസ്.ഷിബുവിനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചു കൊണ്ടുള്ള കൊച്ചി റേഞ്ച് ഐ.ജി-യുടെ ഉത്തരവ് മരവിപ്പിച്ച് കൊണ്ട്, സബ് ഇൻസ്പെക്ടർ എം.എസ്.ഷിബുവിനെ സസ്പെൻഷനിൽ നിലനിർത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ബി) കെവിനെ ഗുണ്ടാസംഘം തട്ടിക്കൊണ്ടു പോയി എന്ന പരാതി അറിഞ്ഞിട്ടും അതിൽ സത്വര നടപടി സ്വീകരിക്കാതെ ഗുരുതരമായ കൃത്യവിലോപം കാണിച്ച പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുത്തത് ഇതിന്മേലുള്ള അന്വേഷണം പൂർത്തിയായ ശേഷമായിരുന്നോ;<br>(സി) എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്നറിയിക്കാമോ? | ബി) & സി) ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ഫയലുകൾ സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. അത് പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ